നം. എൻ2/68/2018/ഡി.പി.ഐ


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 15/02/2018
Phone No. 0471 – 2328438
Email: scholarshipdpi@gmail.com


# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് - 2018-19 നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ സ്കൂളുകൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ - നൽകുന്നത്

സൂചന :- കേന്ദ്ര സർക്കാർ ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അറിയിപ്പ് തീയതി. 08/02/2018.

2018-19 വർഷത്തെ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിനു വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (NSP - 2.0) സ്കൂളുകളുടെ രജിസ്ട്രേഷൻ നടത്തുന്നുന്നതിന് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നിർദ്ദേശിച്ചിരിക്കുന്നു. സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളും (LP/UP/HS) നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (NSP - 2.0) രജിസ്റ്റർ ചെയ്താൽ മാത്രമേ പ്രസ്തുത സ്കൂളിലെ കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളും നിർബന്ധമായും നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ **2018 മാർച്ച് 31 ന് മുൻപ്** രജിസ്റ്റർ ചെയ്യേണ്ടതാണ്. നേരത്തെ രജിസ്റ്റർ ചെയ്തിട്ടുള്ള സ്കൂളുകൾ വീണ്ടും രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

**അംഗീകാരമില്ലാത്ത സ്കൂളുകൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ പാടില്ല.**

വിദ്യാഭ്യാസ ജില്ല/സബ് ജില്ലകളിലെ എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളും നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്. പ്രഥമാധ്യാപകരുടെ യോഗത്തിൽ ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ഇതേവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത സ്കൂളുകൾ രജിസ്ട്രേഷനു വേണ്ടി ചുവടെ പറയുന്ന വിവരങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.

1) സ്കൂളിന്റെ പൂർണ്ണമായ പേരും വിലാസവും
2) ജില്ല
3) Udise കോഡ്
4) പ്രഥമാധ്യാപകന്റെ പേര്, മൊബൈൽ നമ്പർ
5) ഇ-മെയിൽ വിലാസം

**കൂടുതൽ വിവരങ്ങൾക്ക് : 0471-2328438**
**9496304015**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

JIMMY K. JOSE
Addl. Director of Public Instruction (Academic)
Directorate of Public Instruction
Thiruvananthapuram-14

സ്വീകർത്താവ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ പ്രഥമാധ്യാപകർമാർക്കും - വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം

പകർപ്പ് :-

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ KITE } പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും KITE ന്റെയും വെബ് വെബ്സൈറ്റിൽ സർക്കുലർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾക്കു വേണ്ടി